"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തിരുവനന്തപുരം ജില്ലയിലെ പുല്ലുവിള ലിയോ XIII ഹയർ സെക്കൻഡറി സ്കൂളിലെ ലാബ് അസിസ്റ്റന്റ് ശ്രീ. ക്രിസ്റ്റഫർ എഫ്. ന് പഠനാവശ്യത്തിനായി അനുവദിച്ച അവധിയിൽ 01/06/2026 മുതൽ 14/07/2026 വരെയുള്ള കാലയളവ് റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.5155/2026/GEDN തീയതി,തിരുവനന്തപുരം, 31-07-2026

---

പരാമർശം:-

1. 28/02/2025-ലെ സ.ഉ.(സാധാ) നം.1671/2025/പൊവിവ
2. ശ്രീ. ക്രിസ്റ്റഫർ എഫ്. ന്റെ 01.04.2026-ലെ അപേക്ഷ
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 01.06.2026 ലെ HSE/18765/2024/ACD B3 നമ്പർ കത്ത്

**ഉത്തരവ്**

തിരുവനന്തപുരം ജില്ലയിലെ പുല്ലുവിള ലിയോ XIII ഹയർ സെക്കൻഡറി സ്കൂളിലെ ലാബ് അസിസ്റ്റന്റ് ശ്രീ. ക്രിസ്റ്റഫർ എഫ്. ന് പഠനാവശ്യത്തിനായി പരാമർശം (1) പ്രകാരം 15/07/2024 മുതൽ 14/07/2026 വരെ ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ ശ്രീ. ക്രിസ്റ്റഫർ എഫ്. ന്റെ കോഴ്സ് 31.03.2026 ന് പൂർത്തിയായിരിക്കുന്നുവെന്നും, ശേഷിക്കുന്ന അവധി റദ്ദാക്കി ജോലിയിൽ പ്രവേശിക്കുന്നതിന് അനുമതി നൽകണമെന്നും ആവശ്യപ്പെട്ട് ടിയാൻ സമർപ്പിച്ച അപേക്ഷ പൊതുവിദ്യാഭ്യാസ ഡയറക്ടർ പരാമർശം (3) പ്രകാരം സർക്കാരിൽ ലഭ്യമാക്കിയിരുന്നു.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. 22/04/2021 ലെ ജെ1/289/2019/പൊ.വി.വ നമ്പർ സർക്കുലർ പ്രകാരം അധ്യയന വർഷത്തിന്റെ അവസാനം ജോലിയിൽ തിരികെ പ്രവേശിക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുള്ളതിനാൽ ശ്രീ. ക്രിസ്റ്റഫർ എഫ്.-ന്റെ കോഴ്സ് 31.03.2026 ന് പൂർത്തിയായി എങ്കിലും വെക്കേഷൻ കഴിഞ്ഞ് സ്കൂൾ തുറക്കുന്ന തീയതിയായ 01/06/2026 മുതൽ മാത്രമേ ടിയാളെ സർവീസിൽ തിരികെ പ്രവേശിപ്പിക്കാൻ കഴിയുകയുള്ളൂ. ആയതിനാൽ ശ്രീ. ക്രിസ്റ്റഫർ എഫ്. ന് പരാമർശം (1) പ്രകാരം അനുവദിച്ച ശൂന്യവേതന അവധിയിൽ ഉപയുക്തമാക്കാത്ത 01/06/2026 മുതൽ 14/07/2026 വരെയുള്ള കാലയളവ് റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. 01.04.2026 പ്രാബല്യത്തിൽ ടിയാൾക്ക് സർവീസിൽ തിരികെ പ്രവേശിക്കുവാൻ അനുമതി നൽകി വെക്കേഷൻ കാലയളവിൽ ശമ്പളം നൽകിയിട്ടുണ്ടെങ്കിൽ ബന്ധപ്പെട്ട

ഓഫീസർ ടി നടപടി റദ്ദ് ചെയ്ത് വെക്കേഷൻ കാലയളവിൽ കൈപ്പറ്റിയ ശമ്പളം തിരികെ ഈടാക്കുവാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
M RATHEESH
അണ്ടർ സെക്രട്ടറി

ശ്രീ. ക്രിസ്റ്റഫർ എഫ്., ലാബ് അസിസ്റ്റന്റ്, ലിയോ XIII ഹയർ സെക്കൻഡറി സ്കൂൾ,
പുല്ലുവിള, തിരുവനന്തപുരം
മാനേജർ, ലിയോ XIII ഹയർ സെക്കൻഡറി സ്കൂൾ, പുല്ലുവിള
പൊതുവിദ്യാഭ്യാസ ഡയറക്ടർ (ഹയർ സെക്കന്ററി വിഭാഗം), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ (പ്രസിദ്ധീകരണത്തിനായി)
ഓഫീസ് കോപ്പി (എ1/107/2026)

ഉത്തരവിൻ പ്രകാരം
Digitally signed by
Aji Kumar R
Date: 31-07-2026
12:44:33
സെക്ഷൻ ഓഫീസർ